**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 898** | **18-09-2025 - ൽ മറുപടിയ്ക്ക്**

**പട്ടികജാതി, പട്ടികവർഗ്ഗ വിഭാഗങ്ങളിലെ വിദ്യാർത്ഥികളുടെ വിദേശപഠനം**

<table>
<tr><th colspan="2">ചോദ്യം</th><th colspan="2">ഉത്തരം</th></tr>
<tr><td colspan="2">ശ്രീ. കെ.വി.സുമേഷ്</td><td colspan="2">ശ്രീ ഒ . ആർ. കേളു<br>(പട്ടിക ജാതി, പട്ടിക വർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പ് മന്ത്രി)</td></tr>
<tr><td>(എ)</td><td>പട്ടികജാതി, പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികൾക്ക് വിദേശത്ത് പഠിക്കുന്നതിന് എന്തെങ്കിലും പദ്ധതികൾ നടപ്പാക്കുന്നുണ്ടോ; വിശദവിവരം നൽകാമോ;</td><td>(എ)</td><td>പട്ടികവർഗ്ഗ വികസന വകുപ്പ്<br><br>പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികൾക്ക് വിദേശത്ത് പഠിക്കുന്നതിന് ഉന്നതി ഓവർസീസ് സ്കോളർഷിപ്പ് എന്ന പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്. കേരള സർക്കാരിന്റെ നിയന്ത്രണത്തിലുള്ള ODEPC (Overseas Development and Employment Promotion Consultant) ന്റെ സഹകരണത്തോടെ "കേരള സർക്കാർ - ഉന്നതി വിദേശപഠന സ്കോളർഷിപ്പ്" എന്ന പേരിൽ മാനദണ്ഡങ്ങൾക്ക് വിധേയമായി പരമാവധി 25 ലക്ഷം രൂപ വരെ വരുമാന പരിധിയില്ലാതെ പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് അനുവദിച്ചു നൽകുന്നു.<br><br>1. കേരള സംസ്ഥാനത്തെ സ്ഥിരതാമസക്കാരനായിരിക്കണം.<br>2. യോഗ്യത പരീക്ഷയിൽ 55% മാർക്ക് ലഭിച്ചിരിക്കണം.<br>3. 35 വയസ്സിന് താഴെ പ്രായമുള്ളവരായിരിക്കണം<br>4. സർക്കാർ/ പൊതു മേഖലാ സ്ഥാപനങ്ങളിലെ ജീവനക്കാരായിരിക്കരുത്.<br>5. ഒരു വിദ്യാർത്ഥിക്ക് ഒരു തവണ മാത്രമേ സ്കോളർഷിപ്പ് അനുവദിക്കുകയുള്ളൂ. വിദേശ യൂണിവേഴ്സിറ്റികളിൽ പ്രവേശനം നേടിയതിനു ശേഷമുള്ള അപേക്ഷ യാതൊരു കാരണവശാലും പരിഗണിക്കുന്നതല്ല.<br><br>55 ശതമാനം മാർക്കിന് മുകളിലുള്ളവരും 35 വയസിൽ താഴെയുള്ളവരുമായ പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് സർക്കാർ ഏജൻസിയായ ODEPC മുഖേന ഓൺലൈനായി അപേക്ഷ നൽകാവുന്നതാണ്. ഇത്തരത്തിൽ ലഭിക്കുന്ന അപേക്ഷകൾ സ്കോളർഷിപ്പ് (സെലക്ഷൻ/അപ്പീൽ) കമ്മിറ്റി (അഡീഷണൽ ചീഫ് സെക്രട്ടറി/സ്പെഷ്യൽ സെക്രട്ടറി - ചെയർമാൻ, ഡയറക്ടർ (പട്ടികവർഗ്ഗ വികസനവകുപ്പ് - മെമ്പർ, ഡയറക്ടർ, (പട്ടികജാതി വികസനവകുപ്പ്) - കൺവീനർ, ഡയറക്ടർ (പിന്നാക്ക വിഭാഗ വികസനവകുപ്പ് - മെമ്പർ, മാനേജിംഗ് ഡയറക്ടർ (ODEPC)- മെമ്പർ) പരിശോധിച്ച് അംഗീകരിക്കുന്നു. തുടർന്ന് വിദേശ സർവ്വകലാശാലകളിൽ പഠനത്തിനായുള്ള നടപടി ക്രമങ്ങൾ സ്വീകരിക്കുന്നു.<br><br><u>പട്ടികജാതി വികസന വകുപ്പ്</u></td></tr>
</table>

<table>
<tr>
<td></td>
<td></td>
<td></td>
<td>
പട്ടികജാതി പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികൾക്ക് വിദേശത്ത് പഠിക്കുന്നതിന്നായി സംസ്ഥാന സർക്കാരും ഓവർസീസ് ഡെവലപ്പ്മെന്റ് ആന്റ് എംപ്ലോയ്മെന്റ് പ്രമോഷൻ കൺസൾട്ടന്റ് ലിമിറ്റഡും (ODEPC) സംയുക്തമായി ഉന്നതി സ്കോളർഷിപ്പ് ഫോർ ഓവർസീസ് സ്റ്റഡീസ് എന്ന പേരിൽ പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നു.
ടി സ്കോളർഷിപ്പ് ലഭിക്കുന്നതിനായി വിദ്യാർത്ഥികൾ ഓൺലൈനായി പേര് രജിസ്റ്റർ ചെയ്യുകയും ODEPC മുഖാന്തിരം നടത്തുന്ന സ്ക്രീനിംഗിനു ശേഷം നടപടി ക്രമങ്ങൾ അനുസരിച്ച് സ്കോളർഷിപ്പ് (സെലക്ഷൻ/ അപ്പീൽ) കമ്മിറ്റിയുടെ തീരുമാനത്തിന് വിധേയമായി തെരഞ്ഞെടുക്കുന്ന വിദ്യാർത്ഥികൾക്കാണ് വിദേശപഠന സ്കോളർഷിപ്പ് അനുവദിക്കുന്നത്. വിദേശരാജ്യങ്ങളിൽ പോസ്റ്റ് ഗ്രാജ്വേറ്റ് കോഴ്സുകൾ, പോസ്റ്റ് ഗ്രാജ്വേറ്റ് കോഴ്സുകൾക്ക് തത്തുല്യമായ ഡിപ്ലോമാ കോഴ്സുകൾ, പി.എച്ച്.ഡി, പോസ്റ്റ് ഡോക്ടറേറ്റ് കോഴ്സുകൾ എന്നിവ പഠിക്കുന്നതിനായി വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് അനുവദിക്കുന്നു. വേൾഡ് ടൈംസ് യൂണിവേഴ്സിറ്റി റാങ്കിംഗ് 500-ന് അകത്തുള്ള യൂണിവേഴ്സിറ്റികളെയാണ് പരിഗണിക്കുന്നത്. അപേക്ഷിക്കുന്ന സമയത്ത് പ്രായം 35 വയസ്സിൽ കവിയാൻ പാടില്ല. അടിസ്ഥാന യോഗ്യതയായ ഡിഗ്രി പരീക്ഷയിൽ 55% മാർക്ക് നേടിയിരിക്കണം.
വാർഷികവരുമാനത്തിന്റെ അടിസ്ഥാനത്തിൽ 3 സ്ലാബുകളായിട്ടാണ് ആനുകൂല്യം അനുവദിക്കുന്നത്.
(1) 12 ലക്ഷം രൂപ വരെ- 25 ലക്ഷം രൂപ :- (വിസ, എയർ ടിക്കറ്റ്, ഹെൽത്ത് ഇൻഷ്വറൻസ്, ട്യൂഷൻ ഫീസ്, ജീവിത ചെലവ്/താമസ ചെലവ്)
(2) 12 -20 ലക്ഷം രൂപ വരെ- 20 ലക്ഷം രൂപ :- ട്യൂഷൻ ഫീസ് (15 ലക്ഷം രൂപ വരെ) വിസ, എയർ ടിക്കറ്റ്, ഹെൽത്ത് ഇൻഷ്വറൻസ്, ജീവിത ചെലവ്/താമസ ചെലവ് എന്നിവയ്ക്കായി 5 ലക്ഷം രൂപ
(3) 20 ലക്ഷത്തിനു മുകളിൽ :- 15 ലക്ഷം രൂപ (ട്യൂഷൻ ഫീസ് 15 ലക്ഷം രൂപയിൽ നിജപ്പെടുത്തി നൽകുന്നു. )
ഇപ്രകാരം തെരഞ്ഞെടുക്കപ്പെടുന്ന വിദ്യാർത്ഥികൾക്ക് ഉത്തരവിൽ നിഷ്കർഷിച്ചിട്ടുള്ള വരുമാന പരിധിയുടെ അടിസ്ഥാനത്തിൽ 50% തുക വിസ, എയർ ടിക്കറ്റ്, ഹെൽത്ത് ഇൻഷ്വറൻസ്, ട്യൂഷൻ ഫീ എന്നിവ മുൻകൂറായി ODEPC ന് അനുവദിക്കുന്നു. വിദ്യാർത്ഥികളുടെ ട്യൂഷൻ ഫീസ് ODEPC യൂണിവേഴ്സിറ്റിയ്ക്ക് നേരിട്ടും ലിവിംങ് എക്സ്പെൻസിനുള്ള തുക വിദ്യാർത്ഥിയുടെ വിദേശ ബാങ്ക് അക്കൗണ്ടിലേയ്ക്കും അനുവദിക്കുന്നു.
</td>
</tr>
<tr>
<td>(ബി)</td>
<td>2021 മുതൽ ഇതുവരെ ഈ പദ്ധതി വഴി എത്ര വിദ്യാർത്ഥികൾക്ക് വിദേശത്ത് പഠിക്കാൻ അവസരം ലഭിച്ചിട്ടുണ്ട്; ജില്ല തിരിച്ചുള്ള വിവരങ്ങൾ നൽകാമോ;</td>
<td>(ബി)</td>
<td>
<u>പട്ടികവർഗ്ഗ വികസന വകുപ്പ്</u>
2021 മുതൽ ഇതുവരെ വിദേശത്ത് പഠിക്കാൻ അവസരം ലഭിച്ച വിദ്യാർത്ഥികളുടെ എണ്ണം ജില്ല തിരിച്ച് ചുവടെ ചേർക്കുന്നു.
<table>
<tr><td>ജില്ല</td><td>വിദ്യാർത്ഥികളുടെ എണ്ണം</td></tr>
<tr><td>തിരുവനന്തപുരം</td><td>13</td></tr>
</table>
</td>
</tr>
</table>

| | |
|---|---|
| കോട്ടയം | 6 |
| ഇടുക്കി | 31 |
| വയനാട് | 16 |
| മലപ്പുറം | 1 |
| എർണാകുളം | 6 |
| കോഴിക്കോട് | 1 |
| കാസർഗോഡ് | 5 |
| പാലക്കാട് | 3 |
| തൃശ്ശൂർ | 3 |
| പത്തനംതിട്ട | 1 |
| കണ്ണൂർ | 1 |
| ആകെ | 87 |

**പട്ടികജാതി വികസന വകുപ്പ്**

| ജില്ല | 2021-22 | 2022-23 | 2023-24 | 2024-25 |
|---|---|---|---|---|
| തിരുവനന്തപുരം | 22 | 36 | 31 | 43 |
| കൊല്ലം | 7 | 19 | 13 | 20 |
| പത്തനംതിട്ട | 1 | 6 | 6 | 8 |
| ആലപ്പുഴ | 6 | 9 | 11 | 18 |
| കോട്ടയം | 3 | 23 | 13 | 16 |
| ഇടുക്കി | 3 | 4 | 9 | 14 |
| എറണാകുളം | 18 | 43 | 48 | 47 |
| തൃശ്ശൂർ | 9 | 22 | 13 | 38 |
| പാലക്കാട് | 4 | 11 | 5 | 13 |
| മലപ്പുറം | 13 | 13 | 13 | 20 |
| കോഴിക്കോട് | 11 | 15 | 14 | 14 |
| വയനാട് | 2 | 7 | 8 | 15 |
| കണ്ണൂർ | 3 | 7 | 5 | 2 |
| കാസർഗോഡ് | 3 | 2 | 2 | 2 |

(സി) വിദ്യാർത്ഥികളുടെ പഠനത്തിന് ചെലവഴിച്ച തുകയുടെ വിശദാംശം നൽകാമോ?

(സി) **പട്ടികവർഗ്ഗ വികസന വകുപ്പ്**

| വർഷം | വിദ്യാർത്ഥികളുടെ എണ്ണം | അനുവദിച്ച തുക |
|---|---|---|
| 2013-14 | 1 | 2,00,000 |
| 2017-18 | 1 | 38,69,230 |
| 2018-19 | 1 | 31,15,561 |

| | | |
|---|---|---|
| 2019-20 | 3 | 75,00,000 |
| 2020-21 | 3 | 75,00,000 |
| 2021-22 | 10 | 2,47,86,728 |
| 2022-23 | 14 | 3,44,42,167 |
| 2023-24 | 6 | 1,50,00,000 |
| 2024-25 | 26 | 5,11,18,973 |
| 2025-26 | 16 | 20000000 |
| ആകെ | 81 | 167532659 |

**2025-26** ൽ ആകെ **31** വിദ്യാർത്ഥികളെ വിദേശ പഠനത്തിനായി തെരഞ്ഞെടുത്തിട്ടുണ്ട്. ഇതിൽ വിദേശ സർവകലാശാലകളിൽ നിന്നും ഓഫർ ലെറ്റർ ലഭ്യമായ **16** വിദ്യാർത്ഥികൾക്കാണ് നിലവിൽ വിദേശ പഠന ധനസഹായം അനുവദിച്ച് നൽകിയിട്ടുള്ളത്.

**പട്ടികജാതി വികസന വകുപ്പ്**

2017-18 മുതൽ 2025-26 വരെ വകുപ്പ് മുഖേന പോയിട്ടുള്ള 550 വിദ്യാർത്ഥികൾക്കായി ഒന്നും രണ്ടും ഗഡുക്കളായി ആകെ 130,51,42,248/- രൂപയും, ODEPC മുഖേന തെരഞ്ഞെടുത്തിട്ടുള്ള 474 വിദ്യാർത്ഥികൾക്കായി ഒന്നും രണ്ടും ഗഡുക്കളായി ആകെ 80,58,75,000/- രൂപയും ചേർത്ത് ആകെ 211,10,17,248/- രൂപ വിദേശപഠനത്തിനായി നാളിതുവരെ ചെലവഴിച്ചിട്ടുണ്ട്.

സെക്ഷൻ ഓഫീസർ